

THURSDAY 01-06-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/06/2023.

1. ഒരു ആഗോള സമയകൃത ഭക്ഷണം എന്ന നിലയ്ക്ക് പാലിന്റെ പ്രാധാന്യം വിളിച്ചോതുന്നതിനും ക്ഷീരവൃത്തി ആസ്വാദ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഫുഡ് ആന്റ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ 2001 മുതൽ ജൂൺ 01 ലോകക്ഷീരദിനമായി ആചരിച്ചുവരുന്നു. പ്രകൃതിയെ നോവിക്കാതെ മികച്ച പോഷണവും ഉത്തമ ജീവനോപാധിയും പാലിലൂടെ ലഭ്യമാക്കുക എന്നതാണ് ഇക്കൊല്ലത്തെ പ്രതിപാദ്യ വിഷയം. ക്ഷീരദിനത്തിന്റെ പ്രസക്തി ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ക്ഷീരവികസനവകുപ്പ് ഈ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, കേരള ഫീഡ്സ്, കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ്, എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികളുമായി ആചരിക്കുന്നു. ലോകക്ഷീരദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ (2023 ജൂൺ 1) 11 മണിക്ക് കോവളം വെള്ളാർ കേരള ആർട്ട്സ് & ക്രാഫ്റ്റ്സ് വില്ലേജിൽ നടക്കുന്ന ചടങ്ങിൽ മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കും. പരിപാടിയോടനുബന്ധിച്ച് ഒരു സാങ്കേതികശില്പശാലയും ഉണ്ടായിരിക്കുന്നതാണ്.

2. കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്ററിൽ ഗുണനിലവാരവും അത്യുത്പാദനശേഷിയുമുള്ള നേന്ത്രൻ, സ്വർണമുഖി, മഞ്ചേരി നേന്ത്രൻ, കദളി, കപ്പ, കാവേരി തുടങ്ങിയ ടിഷ്യുകൾച്ചർ വാഴതൈകൾ വിൽപനക്കായി തയാറായിട്ടുണ്ട്. തൈ ഒന്നിന് ഇരുപതു രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് 9383470293 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. വിവിധ മാവിനങ്ങളായ നീലം, ചന്ദ്രക്കാരൻ മല്ലിക, സിന്ദൂരം, ബംഗനാ ഹള്ളി, അൽഫോൺസ, ബെന്നറ്റ്അൽഫോൺസ, കൊളമ്പ്, കാലാപ്പാടി, ആപ്പിൾ റുമാനിയ എന്നിവയും റംമ്പൂട്ടാൻ ഗ്രാഫ്റ്റ്, ചാമ്പ ലയർ, മോഹിത് നഗർ, കാസർഗോടൻ എന്നീ കവുങ്ങിനങ്ങളും അവക്കാഡോ ഗ്രാഫ്റ്റ്, കുറ്റി കുരുമുളക് , കുരുമുളക് ഗ്രാഫ്റ്റ് നാരകം, കുരുമുളക് തൈ, കറിവേപ്പ്, ആര്യവേപ്പ്, പാഷൻ ഫ്രൂട്ട്, ഗ്രാംമ്പൂ, പേര, അനാർ, റംമ്പൂട്ടാൻ, സർവ്വ സുഗന്ധി, ഞാവൽ, ആത്തച്ചക്ക, പനീർ ചാമ്പ, തെങ്ങ്

എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2935850, 9188223584 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ കരുമാലൂർ കരിമീൻ വിത്തുല്പാദക കർഷക സംഘം ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങളുടെ വില്പന കേരള അഗ്രോ ഇൻഡിസ്ട്രീസ് കോർപറേഷൻ -കെയ്കോയുടെ അങ്കമാലി അത്താണിയിലുള്ള വിപണന കേന്ദ്രത്തിൽ നിന്നും ആരംഭിച്ചു. കെയ്കോയുടെ 0484-2474267, 8547721150 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് എല്ലാ മാസവും ആദ്യത്തെ വ്യാഴാഴ്ച രാവിലെ 10 മണിക്ക് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതാണ്. അൻപത് കുഞ്ഞുങ്ങൾ കൊള്ളുന്ന ഓക്സിജൻ നിറച്ച ബാഗുകളിലാണ് വിതരണം. 2 മുതൽ 3 സെന്റീ മീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിനു 345 രൂപയും 4 മുതൽ 5 സെന്റി മീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിന് 575 രൂപയുമാണ് വില. 20 ബാഗിൽ കൂടുതൽ ബുക്ക് ചെയ്യുന്ന കർഷകർക്ക് എറണാകുളം ജില്ലയിലെവിടേയും കൃഷിയിടത്തിൽ എത്തിച്ചുകൊടുക്കുന്നതാണ്.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

6. റബ്ബർബോർഡ് തേനീച്ചവളർത്തലിൽ ഏകദിനപരിശീലനം നടത്തുന്നു. 2023 ജൂൺ 06-ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തുന്നു. റബ്ബർതോട്ടങ്ങളിൽ നിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലന മാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127, എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക. ഇ മെയിൽ https://training.rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ "**മുയൽ വളർത്തൽ**" എന്ന വിഷയത്തിൽ 02/06/2023 രാവിലെ 10.00 മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491- 2815454 എന്നീ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ "**അരുമ മൃഗങ്ങളുടെ പരിപാലനവും അലങ്കാര മത്സ്യകൃഷിയും**" എന്ന വിഷയത്തിൽ 2023 ജൂൺ 8 ന് ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 300 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2023 ജൂൺ 6 ന് മുമ്പായി പ്രവർത്തിസമയമായ രാവിലെ 10 മണി മുതൽ 5 മണി വരെ 0487 2370773 നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം